Uncorrected/Not for Publication
10-06-2021

## അവകാശ ലംഘന പ്രശ്നം

മി. സ്പീക്കർ: ചട്ടം 62 പ്രകാരം സഭയിൽ 2021 ജൂൺ 1-ന് നടത്തിയ ശ്രദ്ധക്ഷണിക്കലിൽ കടമ്പ്രയാർ നദിയുടെ മലിനീകരണത്തിന് കാരണമായ വ്യവസായ സ്ഥാപനങ്ങളെക്കുറിച്ച് പരാമർശിക്കുകയും അത് അടച്ചുപൂട്ടണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നതിൽ പ്രകോപിതനായി ശ്രീ. ബെന്നിജോസഫ് എന്ന വ്യക്തി, അദ്ദേഹത്തിന്റെ യു-ട്യൂബ് ചാനലിലൂടെ തന്നെ ആക്ഷേപിച്ചെന്നും ഇത് ഭരണഘടനയുടെ അനുച്ഛേദം 194 സാമാജികർക്ക് നൽകുന്ന വിശേഷാവകാശത്തെ നിഷേധിക്കുന്നതിനുള്ള ശ്രമമാണെന്നും, തന്നെ ജനമധ്യത്തിൽ മോശക്കാരനാക്കാനുള്ള ശ്രമമാണെന്നും ആയതിനാൽ ശ്രീ. ബെന്നിജോസഫിനെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. പി. ടി. തോമസ് എം.എൽ.എ. നൽകിയ നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.